I/90828/2022

**മോട്ടോർ വാഹന വകുപ്പ് , കേരളം**
**ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയം**
തീയതി: 19-09-2022

പ്രേഷകൻ : ട്രാൻസ്പോർട്ട് കമ്മീഷണർ
കേരളം

സ്വീകർത്താവ്: എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ്- ബഹു സുപ്രീം കോടതിയുടെ SLP 27499/2013 വിധിയുടെ അടിസ്ഥാനത്തിൽ വാഹന ആൾട്ടറേഷനുമായി ബന്ധപ്പെട്ട പൊതു മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നടപടിക്രമങ്ങളും

സൂചന :- 1. വാഹന ആൾട്ടറേഷൻ സംബന്ധിച്ച കമ്മറ്റിയുടെ റിപ്പോർട്ട്
2. 25/07/2022 ന് ട്രാൻസ്പോർട്ട് കമ്മീഷണറുടെയും മറ്റ് ഉന്നത ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ നടന്ന ചർച്ച

മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 52 , കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ റൂൾ 112 എന്നിവയനുസരിച്ചാണ് വാഹനങ്ങൾ ആൾട്ടറേഷൻ നടത്തുന്നത്. എന്നാൽ മേൽനിയമവും ചട്ടവും വ്യാഖ്യാനിക്കുന്നതിലെ വ്യത്യാസം കാരണം കേരളത്തിലെ വിവിധ രജിസ്റ്ററിങ്ങ് അധികാരികൾ ആൾട്ടറേഷൻ അപേക്ഷകൾ പലവിധത്തിൽ പരിഗണിക്കുകയും തൻമൂലം വാഹന ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടും കാലതാമസവും നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ കേരളത്തിലാകമാനം ഇത്തരം അപേക്ഷകൾ ഒരേ രീതിയിൽ കൈകാര്യം ചെയ്യുന്നതിനും റോഡ് സുരക്ഷ മുൻനിർത്തിയും നിയമാനുസൃതമായി അനുവർത്തിക്കാൻ കഴിയുന്ന ഒരു ഏകതാനമായ നിർദ്ദേശം സമർപ്പിക്കുവാൻ ഒരു കമ്മറ്റിയെ ചുമതലപ്പെടുത്തുകയുണ്ടായി. ബഹു. സുപ്രീം കോടതിയുടെ SLP 27499/ 2013 വിധിയുടെ അടിസ്ഥാനത്തിലും, കാലാകാലങ്ങളിൽ MoRTH പുറത്തിറക്കിയ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും മേൽ കമ്മറ്റി സമർപ്പിച്ച നിർദ്ദേശങ്ങൾ പരിശോധിച്ചും ഉന്നത ഉദ്യോഗസ്ഥതലത്തിൽ ചർച്ച നടത്തിയും ഒരു പൊതു മാർഗ്ഗനിർദ്ദേശത്തിൽ എത്തപ്പെട്ടു. റോഡ് സുരക്ഷ മുൻ നിർത്തിയും പൊതുജന താൽപ്പര്യം മുൻനിർത്തിയും ഈ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് എല്ലാ രജിസ്റ്ററിങ്ങ് അധികാരികളും ഒരേ പോലെ അപേക്ഷകൾ പരിഗണിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു. ഇത്തരത്തിൽ അപേക്ഷകൾ പരിഗണിക്കുമ്പോൾ, മോട്ടോർ വാഹന നിയമം സെക്ഷൻ 52 ലംഘിക്കപ്പെടുന്നില്ലയെന്നും റോഡ് സുരക്ഷയ്ക്ക് വിഘാതമാകുന്നില്ല എന്നും രജിസ്റ്ററിങ്ങ് അധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്

മോട്ടോർ വാഹന നിയമം സെക്ഷൻ 52(1) പ്രകാരം നിരോധിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ വാഹനത്തിൽ വരുത്താവുന്ന മാറ്റങ്ങളും (Alteration) പരിഷ്കരണങ്ങളും (Modification) മേൽ സെക്ഷനിൽ തന്നെ വിശദീകരണം നൽകിയിരിക്കുന്ന "Alteration" എന്ന പദത്തിന്റെ നിർവ്വചനത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നില്ല എങ്കിൽ ആയത് അനുവദിക്കാവുന്നതാണ്. എന്നാൽ ഏതെങ്കിലും തരത്തിലുള്ള ആൾട്ടറേഷൻ പൊതുജന സുരക്ഷയെ ബാധിക്കുമെന്ന് രജിസ്റ്ററിങ്ങ് അതോറിറ്റികൾക്ക് പരിശോധനയിൽ നിന്ന്

Scanned with CamScanner

ബോധ്യമായാൽ അത്തരം ആൾട്ടറേഷൻ/മോഡിഫിക്കേഷൻ എന്നിവ നിരസിക്കാവുന്നതാണ്. മേൽ സൂചിപ്പിച്ച അനുവദനീയമായ ആൾട്ടറേഷൻ/മോഡിഫിക്കേഷൻ വരുത്തുന്നതിന്റെ ഭാഗമായി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ (RC) വാഹന നിർമ്മാതാവ് നൽകിയിരിക്കുന്ന NON VITAL Specification - ൽ മാറ്റം വരുന്നത് അനുവദനീയമാണ്. കൂടാതെ ആൾട്ടറേഷൻ R C യിൽ രേഖപ്പെടുത്തി നൽകേണ്ടതുമാണ്.

1. **<u>എഞ്ചിന്റേയും എഞ്ചിൻ ഭാഗങ്ങളുടേയും പരിഷ്കരണം. (Modification of Engine or Engine Parts)</u>**

വ്യത്യസ്ത തരം ഇന്ധനമോ, അല്ലെങ്കിൽ ഊർജ്ജ ഉറവിടങ്ങളോ ആയ ബാറ്ററി, സൗരോർജ്ജം, പ്രകൃതി വാതകം, LPG എന്നിവയുടെ ഉപയോഗത്തിനു പര്യാപ്തമായ രീതിയിൽ പരിവർത്തനം നടത്തുന്നതിനാവശ്യമായ എഞ്ചിൻ പരിഷ്കരണങ്ങൾ കേന്ദ്ര മോട്ടോർ വാഹന ചട്ടം - 112(3),126 എന്നിവക്ക് അനുസൃതമായി അപ്രൂവൽ ലഭിച്ച കൺവെർഷൻ കിറ്റുകൾ ഉപയോഗിച്ച് നടത്താവുന്നതാണ്. വാഹനങ്ങളിൽ LPG Retrofitment നടത്തുന്നതിനും Retrofitment സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ സർക്കുലർ-13/05 ൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അത് പോലെ തന്നെ, വാഹനങ്ങളുടെ CNG Retrofitment നടത്തുന്നതിനും Retrofitment സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതിനും Circular 4/22 വഴി വിശദമായ നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രൂവ്ഡ് LPG/CNG Retrofitment kit-കൾ ഉപയോഗിച്ച് എഞ്ചിൻ മോഡിഫിക്കേഷൻ നടത്തുന്ന സ്ഥാപനങ്ങൾക്കുള്ള അംഗീകാരം അതാത് അധികാര പരിധിയിൽ ഉള്ള ആർ.ടി.ഒമാരാണ് നൽകേണ്ടത്. കേന്ദ്ര മോട്ടോർ വാഹന ചട്ടം 112(3),126 എന്നിവക്ക് അനുസൃതമായ അപ്രൂവൽ ലഭിച്ച Retrofitment kit ഉപയോഗിച്ചല്ലാതെ ഒരു വാഹനത്തിലും retrofitment നടത്താൻ പാടുള്ളതല്ല. Alteration നടത്തുന്ന അംഗീകൃത സ്ഥാപനത്തിൽ നിന്നും നൽകുന്ന Compliance Certificate Form 22 F-ൽ ഹാജരാക്കേണ്ടതാണ്. വാഹനങ്ങളിൽ electric retrofitment ഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കുലർ ഉടൻ പുറപ്പെടുവിക്കുന്നതാണ്.

2. **<u>എഞ്ചിൻ മാറ്റിസ്ഥാപിക്കൽ (Engine replacement)</u>**

കേന്ദ്ര മോട്ടോർ വാഹന ചട്ടപ്രകാരം എഞ്ചിൻ മാറ്റിസ്ഥാപിക്കൽ (Engine replacement) അനുവദനീയമാണ്. നിലവിൽ വാഹനത്തിൽ ഘടിപ്പിച്ചിരിക്കുന്ന അതേ നിർമ്മാതാവിന്റെ അതേ സ്പെസിഫിക്കേഷനിൽ (Specification) ഉള്ള പുതിയ എഞ്ചിൻ മാറ്റി സ്ഥാപിക്കുന്നത് അനുവദിക്കാം. എഞ്ചിൻ മാറ്റി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത രജിസ്റ്ററിങ്ങ് അതോറിറ്റി (Registering Authority)- ക്ക് ബോധ്യമായാൽ മാത്രമേ ആയത് അനുവദിക്കേണ്ടതുള്ളൂ. എഞ്ചിൻ replacement നടത്തിയാൽ പുതിയ എഞ്ചിനു എഞ്ചിൻ നമ്പർ ഇല്ല എങ്കിൽ പഴയ നമ്പർ തന്നെ യഥാസ്ഥാനത്ത് കൊത്താൻ (locally carving) അനുവദിക്കേണ്ടതാണ്. ടി വിവരം RC-യിൽ രേഖപ്പെടുത്തേണ്ടതും ആണ്. Invoice നൊപ്പം, അംഗീകൃത സ്ഥാപനത്തിൽ നിന്നും നൽകുന്ന Compliance സർട്ടിഫിക്കറ്റ് (Form 22 F) ഹാജരാക്കേണ്ടതാണ്.

Scanned with CamScanner

3. **ചേസ്സിസ് frame മാറ്റി സ്ഥാപിക്കൽ (Replacement of Chassis Frame).**

കേന്ദ്ര മോട്ടോർ വാഹന ചട്ടം അനുസരിച്ച് chassis replacement അനുവദനീയമാണ്. ആയതിനുള്ള വ്യവസ്ഥകൾ താഴെ കൊടുക്കുന്നു.

**a)** അതേ നിർമ്മാതാവിന്റെ അതേ സ്പെസിഫിക്കേഷനിലുള്ള പുതിയ Chassis Frame മാത്രമേ ഉപയോഗിക്കാവൂ.

**b)** ആ വാഹനത്തിൽ നിർമ്മാതാവ് ഘടിപ്പിച്ചിരിക്കുന്ന അതേ തരം (Type) Chassis frame മാത്രമേ ഉപയോഗിക്കാവൂ.

പുതിയ Chassis frame നു Chassis Number ഇല്ല എങ്കിൽ പഴയ നമ്പർ യഥാസ്ഥാനത്ത് കൊത്താൻ (locally carving) അനുവദിക്കേണ്ടതാണ്. എന്നാൽ Monocoque/integral രീതിയിൽ ബോഡി ഉള്ള വാഹനങ്ങളിൽ പുതിയ body shell ഘടിപ്പിക്കുമ്പോൾ ടി shell -ൽ പുതിയ നമ്പർ ആണ് ഉണ്ടാവുക. ഈ നമ്പർ കൂടി വാഹൻ data-യിലെ alteration history- ൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നതാണ്. അതുവരെ പുതിയ നമ്പർ Remark-ലോ അല്ലെങ്കിൽ RC യിലെ ഏതെങ്കിലും printable field-ലോ വരുന്ന വിധം എന്റർ ചെയ്യുക. ഉപയോഗശൂന്യമായ Chassis frame ൽ ഉള്ള ചേസ്സിസ് നമ്പർ നശിപ്പിച്ചിട്ടുണ്ട് എന്ന് പരിശോധനാ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.

4. **എഞ്ചിൻ നമ്പർ, മോട്ടോർ നമ്പർ/ എന്നിവ പുതുതായി കൊത്തുന്നത്.**

എഞ്ചിൻ നമ്പർ, മോട്ടോർ നമ്പർ/ ചേസ്സിസ് നമ്പർ എന്നിവ കാലപ്പഴക്കത്തിലോ, തുരുമ്പ്പിടിച്ചോ ഭാഗികമായി മാത്രമാണ് പോയിട്ടുള്ളുവെങ്കിൽ ആയത് മുൻകൂട്ടിയുള്ള അനുവാദം വാങ്ങി പുതുതായി കൊത്താവുന്നതാണ്. അത്തരം അവസരങ്ങളിൽ പുതുതായി കൊത്തുന്നതിനുള്ള അപേക്ഷയുടെ നിജസ്ഥിതി രജിസ്റ്ററിങ്ങ് അതോറി (RegisteringAuthority)-ക്ക് വ്യക്തമായി ബോധ്യപ്പെട്ടതിനുശേഷം മാത്രമേ അനുവാദം നൽകേണ്ടതുള്ളൂ.

ഖണ്ഡിക (2) ലോ (3) ലോ അനുവദിച്ച പ്രകാരം ചേസ്സിസ് നമ്പറോ എഞ്ചിൻ നമ്പറോ കൊത്തുന്നുണ്ടെങ്കിൽ ആയതിന്റെ പെൻസിൽ പ്രിന്റ് കൂടി അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. Vahan data-യിലെ alteration module-ൽ pencil print അപേക്ഷകനു upload ചെയ്യാനുള്ള സൌകര്യം ലഭ്യമാകുന്ന മുറക്ക് ആയത് കൂടി അപേക്ഷകൻ ചെയ്യേണ്ടതാണ്.

എന്നാൽ വകുപ്പുകൾ പിടിച്ചെടുക്കുന്ന വാഹനങ്ങൾ ലേലം ചെയ്യുമ്പോൾ വാഹനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള Chassis നമ്പർ, Engine നമ്പർ എന്നിവ വ്യാജമാണെങ്കിലോ അല്ലെങ്കിൽ യഥാർത്ഥ Chassis നമ്പർ, Engine നമ്പർ കണ്ടെത്തുവാൻ സാധിച്ചില്ലെങ്കിലോ സർക്കുലർ 04/ 2014 ലെ നിർദ്ദേശം പ്രകാരം Chassis നമ്പർ, Engine നമ്പർ എന്നിവ രേഖപ്പെടുത്താവുന്നതാണ്.

5) **കളർ മാറ്റം:-**

നിലവിലെ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചുള്ള വാഹനത്തിന്റെ കളർ മാറ്റം അനുവദനീയമാണ്.

**6) ULW**

വാഹനത്തിൽ അനുവദനീയമായ മാറ്റങ്ങളോ,പരിഷ്കരണങ്ങളോ, പരിവർത്തനങ്ങളോ

Scanned with CamScanner

നടത്തിയതുമൂലം ULW-ൽ ഉണ്ടാവുന്ന വ്യതിയാനം അനുവദിക്കാവുന്നതാണ്. ആയതിന് ശുക്കച്ചീട്ട് കൂടി അപേക്ഷകൻ സമർപ്പിക്കേണ്ടതാണ്. മേൽ പറഞ്ഞ രീതിയിൽ ULW-ൽ ഉണ്ടാവുന്ന വ്യതിയാനം മൂലം വാഹനത്തിന്റെ റോഡ് നികുതി ഉയർന്ന നിരക്കിൽ ഈടാക്കേണ്ടതുണ്ടെങ്കിൽ ആയതിനുള്ള നടപടി രജിസ്റ്ററിങ്ങ് അതോറിറ്റി സ്വീകരിക്കേണ്ടതാണ്.

**7) <u>GVW :-</u>** വാഹനത്തിന്റെ GVW-ൽ മാറ്റം വരുത്താൻ അനുവദിക്കുന്നതല്ല . എന്നാൽ S.O.3467(E), dtd-16.07.2018 പ്രകാരം Maximum Safe Axle ഭാരത്തിൽ അനുവദിച്ച മാറ്റം മൂലം GVW-ൽ വരുന്ന വ്യത്യാസം അനുവദിക്കേണ്ടതാണ്. അപേക്ഷ ലഭിക്കുന്ന മുറക്ക് ആയത് RC-യിലും Permit-ലും നിലവിലെ നടപടിക്രമം അനുസരിച്ച് ചേർത്ത് മാറ്റം വരുത്തിയാൽ മാത്രമേ വാഹനത്തിന്റെ GVW മാറ്റം നിയമപരമാവുകയുള്ളൂ. മേൽ GVW-യിലുള്ള മാറ്റം RC-യിലും Permit-ലും വരുത്തുന്നതിനോടൊപ്പം ഉയർന്ന നിരക്കിലുള്ള റോഡ് നികുതി കൂടി ഈടാക്കുന്നതിനുള്ള നടപടികൾ, വാഹൻ data-യിൽ വരുത്തേണ്ട മാറ്റം എന്നിവ Registering Authority ഉറപ്പ് വരുത്തേണ്ടതാണ്.

**8 )** കേന്ദ്ര മോട്ടോർ വാഹന ചട്ടം അദ്ധ്യായം V-ൽ പ്രതിപാദിക്കപ്പെട്ടതും ബഹു.സുപ്രീം കോടതിയുടെ വിധിന്യായത്തിൽ വ്യക്തമാക്കിയിട്ടുള്ളതുമായ Basic feature-ൽ വരുന്ന ഘടനാമാറ്റങ്ങൾ അനുവദിക്കേണ്ടതില്ല. ഉദാ:-Tyre size, lights, Overall dimensions, Overhang, brake system, steering system, exhaust system, mass emission മുതലായവ.

**9)** MORTH-ന്റെ 28-02-2019-ലെ RT-11036/06/2019-MV- നമ്പർ കത്ത് പ്രകാരം സമാന പ്രവർത്തന (functional performance) പ്രകാരം ഉള്ളതും തുല്യമായതും (identical) അതാത് വാഹന നിർമ്മാതാക്കൾ നിർദ്ദേശിക്കപ്പെട്ടതുമായ വാഹന parts-കളോ വാഹന ഘടകങ്ങളോ മാറ്റാവുന്നതാണ്. കൂടാതെ അതാത് വാഹനത്തിനു ഐഛികമായി (optional) ഉപയോഗിക്കാൻ വാഹന നിർമ്മാതാക്കൾ നിർദ്ദേശിച്ച വാഹന parts-കളോ, വാഹന ഘടകങ്ങളോ മാറ്റുകയോ പുതുതായി ഘടിപ്പിക്കുകയോ ചെയ്യാവുന്നതാണ്. കൂടാതെ താഴെ പറയുന്ന കാര്യങ്ങൾ കൂടി അനുവദിക്കാം.

a. Four wheeler-കളിലെ lateral/side facing സീറ്റ് ഫിറ്റ്മെന്റ്.
b. നിലവിൽ അടച്ച് വരുന്ന tax-ൽ കുറവ് വരാത്ത രീതിയിലും പെർമിറ്റ് കണ്ടീഷനു വിരുദ്ധമാവില്ല എങ്കിലും സീറ്റിന്റെ എണ്ണം കുറക്കാവുന്നതാണ്.
c. M1 category വാഹങ്ങളിൽ GVW-ലും Body അളവുകളിലും മാറ്റം വരാത്ത രീതിയിൽ Soft top ൽ നിന്നും Hard top-ലേക്ക് മാറ്റം അനുവദിക്കാവുന്നതാണ്.

**10) <u>വാഹനത്തിന്റെ തരം മാറ്റുന്നത് (Class Conversion)</u>**

**a)** ബസ്സ് ഒഴികെയുള്ള വാഹനങ്ങൾ നിലവിൽ തരം മാറ്റുന്നതിനുള്ള (Class Conversion) നടപടി ക്രമങ്ങൾ അതേപോലെ തന്നെ തുടരേണ്ടതാണ്. ഉദാ:-Motor Cab,Tourist Motor Cab,3 wheeler for personal use- മുതലായവ.

**b)** Motor Cab അല്ലാത്ത വാഹനങ്ങൾ Tourist Vehicle ആയി തരം മാറ്റുന്നുണ്ടെങ്കിൽ ആയതിനു കേന്ദ്ര മോട്ടോർ വാഹന ചട്ടം 128 പ്രകാരമുള്ള specification ഉണ്ടായിരിക്കണം.

Scanned with CamScanner

എന്നാൽ AIS:052,119,139 എന്നിവയിൽ ഏതെങ്കിലും സ്റ്റാൻഡാർഡ് അനുസരിച്ചുള്ള Tourist bus body നിർമ്മിച്ച Bus-കൾക്ക് മേൽ ചട്ടം ബാധകമല്ല. Integral നിർമ്മിതിയുള്ള ബോഡിയോട്ടു കൂടിയ വാഹനങ്ങൾക്ക് Rule 128-ൽ അനുവദിച്ചിരിക്കുന്ന ഇളവുകൾ അനുവദിക്കേണ്ടതാണ്. Body code പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട വാഹനങ്ങൾ ആയാലും അല്ലാത്തവ ആയാലും Form 22-ലെ Column 2.5-ലെ Compliance report അംഗീകൃത ഏജൻസി നൽകിയ Type approval രൂപത്തിലോ അല്ലെങ്കിൽ self certification ആയോ (ഏതാണോ ബാധകം അത് പ്രകാരം) സമർപ്പിക്കേണ്ടതാണ്.

**11) N കാറ്റഗറി വാഹനങ്ങളുടെ load body യിൽ പരിഷ്കരണങ്ങൾ:-**

CMVR 112 പ്രകാരം load body structure alteration അനുവദനീയമാണ്. ആയതിനാൽ N കാറ്റഗറി വാഹനങ്ങളുടെ load body യിൽ open, closed, covered platform എന്നീ പരിഷ്കരണങ്ങൾ നടത്താവുന്നതാണ്. എന്നാൽ ആയതിനു വേണ്ട specification/code എന്നിവ നിർദ്ദേശിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ KMVR 96, 103, 261 എന്നിവയിൽ നിഷ്കർഷിച്ചിരിക്കുന്ന കാര്യങ്ങൾ ക്ക് വിധേയമായി Chapter V അനുസരിച്ച് ലോഡ് ബോഡിയിൽ മാറ്റം വരുത്താവുന്നതാണ്. എന്നാൽ വാഹനത്തിന്റെ നിർമ്മാണ തീയ്യതി പരിശോധിച്ച് ആയതിനു truck body code ബാധകമാണെങ്കിൽ load body -യുമായി ബന്ധപ്പെട്ട AIS 0 9 3 നിബന്ധനകൾ പാലിച്ചും അല്ലയെങ്കിൽ CMVR അദ്ധ്യായം V പാലിച്ചും ആണ് ആൾട്ടറേഷൻ നടത്തുന്നത് എന്ന് Registering Authority ഉറപ്പ് വരുത്തേണ്ടതാണ്. എന്നാൽ ആവശ്യപ്പെടുന്ന പരിഷ്കരണങ്ങൾ വാഹനത്തിന്റെ സ്റ്റെബിലിറ്റിയിൽ വ്യത്യാസം വരുന്നതോ ഏതെങ്കിലും തരത്തിൽ പൊതുജന സുരക്ഷാഭീഷണി ഉയർത്താൻ സാധ്യത ഉണ്ടെന്ന് സംശയിക്കുന്ന സാഹചര്യങ്ങളിൽ അവ രജിസ്റ്ററിങ്ങ് അതോറിറ്റിക്ക് നിരസിക്കാവുന്നതാണ്. N കാറ്റഗറി വാഹനങ്ങളിലെ Tipping Mechanism ഘടിപ്പിക്കുന്നതിനുള്ള Modification അനുവദിക്കില്ല. ആയതിൽ കേരള മോട്ടോർ വാഹന ചട്ടം 96, 102 എന്നിവ പ്രകാരം രജിസ്റ്ററിങ്ങ് അതോറിറ്റികൾക്ക് വിപുലമായ അധികാരം നൽകിയിട്ടുണ്ട്. കേന്ദ്ര ചട്ടം 93, കേരള ചട്ടം 96, 261 എന്നിവ പ്രകാരം പ്രസ്തുത വിഷയത്തിൽ ഉചിതമായ തീരുമാനം എടുക്കാവുന്നതാണ്.

**12) ബസുകളുടെ തരം മാറ്റം:-**

ബസ്സ് - ഡ്രൈവർ ഉൾപ്പെടെ 13 സീറ്റിൽ കൂടുതൽ അനുവദിച്ചിട്ടുള്ള യാത്രാവാഹനങ്ങൾ ബസ്സ് ബോഡി കോഡ് (AIS 052) 01-01-2017 മുതലാണ് പ്രാബല്ല്യത്തിൽ വന്നത്.

**(A) EIB ആയി തരം മാറ്റുന്നതിന്**

**i) 12-ആം ക്ലാസ്സിനു മുകളിലുള്ള കുട്ടികളുടെ ആവശ്യാർത്ഥം**

BBC അനുസരിച്ച് 01-01-2017 ന ശേഷം രജിസ്റ്റർ ചെയ്ത ബസ്സുകൾ 12-ആം ക്ലാസ്സിനു മുകളിലുള്ള കുട്ടികളുടെ ഉപയോഗത്തിനു വേണ്ടി നിലവിലുള്ള Type-II അല്ലെങ്കിൽ Type-III നിലനിർത്തി നിലവിലുള്ള ചട്ടങ്ങൾക്ക് അനുസരിച്ച് അനുവദിക്കാവുന്നതാണ്. എന്നാൽ BBC നിലവിൽ വരുന്നതിനു മുൻപ് രജിസ്റ്റർ ചെയ്ത ബസ്സുകൾ മുകളിൽ പറഞ്ഞ വിഭാഗം കുട്ടികളുടെ ആവശ്യത്തിലേക്ക് Conversion നടത്തുമ്പോൾ അന്ന് നിലവിലിരുന്ന ചട്ടങ്ങൾ അനുസരിച്ച് അനുവദിക്കാം.

Scanned with CamScanner

**ii) 12-ആം ക്ലാസ്സ് വരെയുള്ള കുട്ടികളുടെ ആവശ്യാർത്ഥം**

12-ആം ക്ലാസ്സ് വരെയുള്ള കുട്ടികളുടെ (School Going Children) ആവശ്യാർത്ഥം Conversion നടത്തുമ്പോൾ മാത്രം സ്കൂൾ ബസ്സുകൾക്ക് നിഷ്കർഷിച്ചിരിക്കുന്ന AIS 063 അനുസരിച്ചാണ് വാഹനത്തിൽ മാറ്റം വരുത്തിയിരിക്കുന്നതെന്ന് ബോധ്യപ്പെട്ട ശേഷമേ Conversion അനുവദിക്കാവൂ. എന്നാൽ BBC അനുസരിച്ച് 01-01-2017 ന ശേഷം രജിസ്റ്റർ ചെയ്ത Type-1, II അല്ലെങ്കിൽ Type-III വിഭാഗത്തിൽ പ്പെട്ട ബസ്സുകൾ 12-ആം ക്ലാസ്സ് വരെയുള്ള കുട്ടികളുടെ ആവശ്യാർത്ഥം സ്കൂൾ ബസ്സായി (Type-IV ) തരം മാറ്റം അനുവദിക്കാൻ പാടില്ല.

E I B ആയി തരം മാറ്റം നടത്തപ്പെടുന്ന വാഹനങ്ങൾക്ക് സ്കൂൾ ബസ്സിനു നിഷ്കർഷിച്ചിരിക്കുന്ന കളർ കോഡ് ഉണ്ടായിരിക്കേണ്ടതാണ. ഇത്തരത്തിലുള്ള വാഹനങ്ങൾക്ക് വേണ്ടി KMVR 153D നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾ കൂടി പാലിച്ചിട്ടുണ്ടെന്ന് Registering Authority ഉറപ്പുവരുത്തേണ്ടതാണ്.

**B) മറ്റ് വിഭാഗങ്ങളിലേക്കുള്ള തരംമാറ്റം. (Stage Carrriage, Contract Carriage, PSV മുതലായവ )**

ബസ്സ് ബോഡി കോഡ് നിലവിൽ വരുന്നതിനു മുൻപ് രജിസ്റ്റർ ചെയ്ത ബസ്സുകൾ അന്ന് നിലവിലിരുന്ന ചട്ടങ്ങൾക്ക് അനുസരിച്ച് Stage Carriage, Contract Carriage, PSV തുടങ്ങിയ വിഭാഗങ്ങളിലേക്ക് Conversion അനുവദിക്കാവുന്നതാണ.

എന്നാൽ 01-01-2017-ന ശേഷം BBC അനുസരിച്ച് Type-I, Type-II അല്ലെങ്കിൽ Type-III ആയി (S/C,C/C, PSV) രജിസ്റ്റർ ചെയ്ത വാഹനങ്ങളുടെ തരം മാറ്റം നിലവിലുള്ള Type (I, II, or II) നിലനിർത്തി അനുവദിക്കാവുന്നതാണ. സെക്ഷൻ 52-ൽ പ്രതിപാദിക്കുന്ന Structural Alteration ആകുന്നില്ല എങ്കിൽ മേൽ പറഞ്ഞ Conversion ന വേണ്ടി BBC അനുശാസിക്കുന്ന മാറ്റങ്ങൾ Bus Body- യിൽ വരുത്താവുന്നതാണ.(ഉദാ:- C/C യിൽ നിന്നും S/C-യിലേക്ക് Conversion നടത്തുമ്പോൾ ആയതിനു നിഷ്കർഷിച്ചിരിക്കുന്ന Destination board, Public Addressing System മുതലായവ ഘടിപ്പിക്കുന്നത്).

**13) Motor Caravan:-**

വിനോദ സഞ്ചാരികൾക്ക് താമസ സൗകര്യത്തോടുകൂടി യാത്ര ചെയ്യാവുന്ന തരം M കാറ്റഗറി വാഹനങ്ങളാണ് മോട്ടോർ കാരവാൻ. Cowl & Chassis അല്ലെങ്കിൽ Drive Away Chassis ആയി പുതുതായി വാങ്ങുന്ന M കാറ്റഗറി വാഹനങ്ങളിൽ നിർമ്മിക്കുന്ന മോട്ടോർ കാരവാൻ S.O 1248(E),dtd-05.11.2004 പ്രകാരം അപേക്ഷകന്റെ ആവശ്യപ്രകാരം TV യോNTV യോ ആക്കി രജിസ്റ്റർ ചെയ്യാവുന്നതാണ്. നിലവിൽ അത്തരം വാഹനങ്ങൾ Camper Van ഗണത്തിലാണ ഉൾപ്പെടുത്തേണ്ടത്.

നിലവിൽ M കാറ്റഗറി Fully Built വാഹനങ്ങൾ (Already type approved Vehicle) Motor Caravan ആയി Modification നടത്താവുന്നതാണ. എന്നാൽ ടി വാഹനത്തിന് രജിസ്ട്രേഷൻ തിയ്യതി മുതൽ 3 വർഷത്തിൽ അധികം കാലപ്പഴക്കം പരിശോധന നടത്തുന്ന ദിവസത്തിൽ ഉണ്ടാവാൻ പാടില്ല (AIS:124 Clause 0.0(b)).

എന്നാൽ 3 വർഷത്തിൽ അധികം പഴക്കമുള്ള വാഹനങ്ങളും Caravan ആയി Alteration നടത്താവുന്നതാണ. അത്തരം വാഹനങ്ങൾക്ക് AIS 124 ബാധകമല്ല. അത്തരം

Scanned with CamScanner

വാഹനങ്ങൾ കോഡിൽ 0.1 പാരഗ്രാഫ് പ്രകാരം sound engineering practice അനുസരിച്ച് മോട്ടോർ വാഹന നിയമങ്ങൾ/ ചട്ടങ്ങൾക്ക് വിധേയമായി already type approved vehicles ആൾട്ടറേഷൻ നടത്താവുന്നതാണ്. എന്നാൽ വാഹനത്തിന്റെ basic features ആയ ചാസ്സിസ്സ്, suspension, brake, fuel system എന്നീ vehicle system /component മാറ്റം വരുത്തുവാൻ പാടില്ലാത്തതാകുന്നു.

ഇത്തരം അപേക്ഷകൾ ലഭിക്കുമ്പോൾ, അപേക്ഷകൻ വരുത്തുവാൻ ഉദ്ദേശിക്കുന്ന മാറ്റങ്ങളും ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന സൌകര്യങ്ങളും വ്യക്തമാക്കുന്ന ഒരു വിശദമായ drawing ഹജരാക്കുവാൻ നിർദ്ദേശിക്കാം. പ്രസ്തുത drawing പ്രകാരം suitability (Rule-102) നല്കുന്ന വാഹനങ്ങൾ മാത്രമേ ആൾട്ടറേഷൻ ചെയ്യുവാൻ പരിഗണിക്കേണ്ടതുള്ളൂ. അത്തരം അവസരങ്ങളിൽ കോഡിൽ പ്രതിപാദിച്ചിരിക്കുന്ന 2.11 മുതൽ 2.17 വരെയുള്ള നിബന്ധനകളും 3.4, 3.5 എന്നിവയിൽ സൂചിപ്പിക്കുന്ന സുരക്ഷ മാനദണ്ഡങ്ങളും കൂടാതെ പാരഗ്രാഫ് 4 പ്രകാരമുള്ള സംവിധാനങ്ങളും നിഷ്കർഷിക്കാവുന്നതാണ്.

മോട്ടോർ കാരവാൻ ആയി പുതുതായി രജിസ്റ്റർ ചെയ്യപ്പെടുകയോ മോഡിഫിക്കേഷൻ നടത്തപ്പെടുകയോ ചെയ്യുന്ന വാഹനങ്ങൾ AIS:124 പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്ന് രജിസ്റ്ററിങ് അതോറിറ്റി ഉറപ്പുവരുത്തേണ്ടതാണ്. Accreditation ലഭിച്ച സ്ഥാപനങ്ങൾ കൂടാതെ, ഖണ്ഡിക.16-ൽ പ്രതിപാദിച്ചിരിക്കുന്ന സ്ഥാപനങ്ങൾക്കുകൂടി മോട്ടോർ കാരവാൻ നിർമ്മിക്കാവുന്നതാണ്.

## 14) Tow trucks, Breakdown Van & Recovery Vehicles.

വാഹനങ്ങൾ റോഡിൽ Breakdown ആയ സമയത്തോ അപകടത്തിൽപ്പെട്ടോ , മറ്റ് സാഹചര്യങ്ങളിലോ റോഡിലൂടെ ഓടിച്ച് കൊണ്ടുപോകാൻ പറ്റാത്ത സാഹചര്യത്തിലാണ് Tow Truck, Breakdown Van, Recovery Vehicle എന്നീ വാഹനങ്ങൾ ഉപയോഗിക്കുന്നത് . Cab & Chassis, Cowl & Chassis എന്നിവയായി പുതുതായി വാങ്ങുന്ന N കാറ്റഗറി വാഹനങ്ങളിൽ അപേക്ഷകന്റെ ആവശ്യപ്രകാരം Tow Truck /Breakdown Van/Recovery Vehicle എന്നിവയിൽ ഏതെങ്കിലും തരത്തിൽ (Class) നിർമ്മിക്കുന്ന വാഹനങ്ങൾ S.O.1248(E) പ്രകാരം NTV ആയി രജിസ്റ്റർ ചെയ്യാവുന്നതാണ്. എന്നാൽ Fully Built N category വാഹനങ്ങൾ Recovery van/Tow Truck ആയി മാറ്റാമെങ്കിലും വാഹനത്തിന്റെ Class 'Goods vehicle' ആയി നിലനിർത്തി Body type ൽ മാത്രമേ 'Recovery Van', 'Tow truck' എന്നിവ ചേർക്കാൻ പാടുള്ളൂ. ഇത്തരം alteration നടത്തുന്ന സമയത്ത് Chassis Frame-ന്റെ ഘടനയിലോ അളവുകളിലോ യാതൊരു വിധ വ്യത്യാസവും വരുത്തുവാൻ പാടില്ലാത്തതാണ്. ഇത്തരം വാഹനങ്ങളിൽ നിന്നും അവയുടെ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഷെഡ്യൂളിലെ സീരിയൽ നമ്പർ 12 പ്രകാരം നികുതി ഈടാക്കേണ്ടതാണ്.

## 15)Transit Mixer/ Concrete Mixer/Self Loading Concrete Mixer:-

Construction Equipment-ന്റെ നിർവ്വചനത്തിൽ പറയുന്ന Self Loading Concrete Mixer അപേക്ഷകന്റെ ആവശ്യം പരിഗണിച്ചിട്ടും Registering Authority

Scanned with CamScanner

വിശദമായ അന്വേഷണം നടത്തിയതിന് ശേഷവും S.O.1248(E) Note-ൽ പറയുന്ന മാനദണ്ഡത്തിനനുസരിച്ച് NTV ആയോ TV ആയോ രജിസ്റ്റർ ചെയ്യാവുന്നതാണ്. എന്നാൽ, ഈ വാഹനത്തിനു Construction Equipment Vehicles-നു നിഷ്കർഷിച്ചിരിക്കുന്ന ഒറ്റത്തവണ നികുതി ഈടാക്കേണ്ടതാണ്.

N കറ്റഗറി വാഹനങ്ങളുടെ Cab & Chassis, Cowl & Chassis, Drive away Chassis ആയി പുതുതായി വാങ്ങുന്ന വാഹനങ്ങളിൽ Concrete ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോവുന്നതിനു ആവശ്യമായ സംവിധാനങ്ങൾ ഉൾക്കൊള്ളുന്ന രീതിയിൽ ആണു ബോഡി നിർമ്മിച്ചിരിക്കുന്നതെങ്കിൽ (Self Loading അല്ലാത്ത Transit Mixer ) ഈ വാഹനം TV ആയാണു രജിസ്റ്റർ ചെയ്യേണ്ടത്. ആയതിനു Goods Permit നൽകേണ്ടതും type of body എന്നത് "transit mixture"എന്ന് ചേർക്കേണ്ടതും ആണ്. എന്നാൽ ഇത്തരം വാഹനങ്ങൾ Construction Equipment Vehicle ആയതിനാൽ ഇവയ്ക്ക് Taxation നിയമത്തിലെ Section 3 ന്റെ അടിസ്ഥാനത്തിലുള്ള Annexure I പ്രകാരം ഒറ്റത്തവണ നികുതി ഈടാക്കേണ്ടതാണ്.

**16) Special Purpose Vehicles:-**

AIS:163 (Draft Code) പ്രകാരം ഓരോ വാഹനത്തിന്റേയും ഉപയോഗം (Application) അടിസ്ഥാനത്തിൽ വാഹനങ്ങളുടെ നിർമ്മാണം (OEM) / Body Construction എന്നിവക്കായി പ്രത്യേകം നിഷകർഷിച്ചിട്ടുള്ളവയാണ്. പ്രസ്തുത Code പ്രകാരം ഇത്തരം വാഹനങ്ങളുടെ നിർമ്മിതി/മോഡിഫിക്കേഷൻ എന്നിവ പൊതുവായ നിർദ്ദേശങ്ങൾ കൂടാതെ ഓരോ വാഹനത്തിന്റേയും ഉപയോഗത്തിനു അനുസൃതമായി ചില നിർദ്ദേശങ്ങൾ കൂടി പാലിക്കപ്പെടേണ്ടതുണ്ട്. അത്തരം വാഹനങ്ങളിൽ പുതിയവയുടെ നിർമ്മാണം മാത്രമല്ല Alteration/Modification/Retrofitment എന്നിവ നടത്താമെന്ന് Code-ൽ പ്രതിപാദിക്കുന്നുണ്ട്. ആയതിനാൽ Mobile Canteen, Cash Van എന്നിവ പുതിയ വാഹനത്തിൽ നിർമ്മിക്കുന്നതിനോടൊപ്പം തന്നെ Alteration/Modification/Retro fitment എന്നിവയും കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിൽ നിർദ്ദേശിക്കുന്ന AIS 163 അനുസരിച്ച് അനുവദനീയമാണ്.

**a) Mobile Canteen.**

N കാറ്റഗറിയിൽ ഉൾപ്പെടുന്ന Special Purpose വാഹനമാണു Mobile Canteen. ഇതിൽ പാചകം ചെയ്ത ഭക്ഷണ പദാർത്ഥങ്ങൾ വിൽക്കുകയോ, പാചകം ചെയ്യുകയോ ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുന്ന ഇത്തരം Mobile Canteen -കൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന പ്രത്യേക പാർക്കിങ്ങ് ഏരിയയിൽ നിർത്തിയിട്ട് മാത്രമേ പാചകവും വില്പനയും നടത്താൻ പാടുള്ളൂ. AIS:163 സ്റ്റാൻഡേർഡ് അനുസരിച്ചാണ് Mobile Canteen-കൾ നിർമ്മിച്ചിരിക്കുന്നതെന്ന് പരിശോധനാ ഉദ്യോഗസ്ഥർ മുഖേന Registering Authority-കൾ ഉറപ്പ് വരുത്തേണ്ടതാണ്. N കാറ്റഗറിയിൽപ്പെട്ട വാഹനങ്ങളിൽ മാത്രമേ Mobile Canteen നിർമ്മിക്കുന്നതിനുള്ള അനുമതി നൽകേണ്ടതുള്ളൂ. N കാറ്റഗറി വാഹനങ്ങളുടെ Load Body ഭാഗത്ത് മാത്രമേ Mobile Canteen നിർമ്മിക്കുന്നതിനാവശ്യമായ പരിവർത്തനങ്ങൾ നടത്താൻ അനുവദിക്കുകയുള്ളൂ.

ഇത്തരം വാഹനങ്ങളിൽ Alteration/Modification എന്നിവ നടത്തിയതിനു ശേഷം

Scanned with CamScanner

ഉള്ള പരിശോധനയിൽ കുടിവെള്ളം, അഴുക്ക് വെള്ളം, L.P.G, ഇലക്ട്രിസിറ്റി, സ്റ്റോറേജ്, Cooking Facility എന്നിവയുടെ ശേഖരണം/ക്രമീകരണം എന്നിവ Code-നു അനുസൃതമാണെന്ന് പരിശോധിക്കുന്ന ഉദ്യോഗസ്ഥൻ പരിശോധിച്ച് റിപ്പോർട്ട് നൽകുകയും Rule-103 പ്രകാരം Measurement Certificate (MC) നൽകുകയും ചെയ്യേണ്ടതാണ്. നിലവിൽ ഉപയോഗത്തിൽ ഇരിക്കുന്ന വാഹനങ്ങളിൽ ഇത്തരത്തിലുള്ള മാറ്റങ്ങൾ വരുത്തുന്നതിനു Alteration/ Modification എന്നിവ അനുവദനീയമാണ്. എന്നാൽ ഏതെങ്കിലും തരത്തിലുള്ള മോഡിഫിക്കേഷൻ വാഹനത്തിന്റെ Stability യെ ബാധിക്കുമെന്ന് രജിസ്റ്ററിങ് അതോറിറ്റിക്ക്, വാഹന പരിശോധനയിൽ നിന്നും ബോധ്യമായാൽ ആയത് പൊതുജന സുരക്ഷ മുൻനിർത്തി നിരസിക്കാവുന്നതാണ്.

**b) Cash Van:-**

റോഡിലൂടെ കറൻസി വാണിജ്യാവശ്യത്തിനു കൊണ്ടുപോവുന്നതിനു ഉപയോഗിക്കുന്ന വാഹനമാണ് Cash Van. AIS:163 സ്റ്റാൻഡേർഡ് അനുസരിച്ച് ആണ് Cash Van നിർമ്മിച്ചിരിക്കുന്നതെന്ന് Registering Authority-കൾ ഉറപ്പ് വരുത്തേണ്ടതാണ്. ഇത്തരം വാഹനങ്ങളിൽ .AIS:140 പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന GPS സംവിധാനം നിർബ്ബന്ധമാണ്. 7 വർഷത്തിൽ കൂടുതൽ പഴക്കമില്ലാത്ത N കാറ്റഗറി വാഹനങ്ങൾ മാത്രമേ Cash Van ആയി രൂപമാറ്റം വരുത്തുവാൻ പാടുള്ളൂ.

ഇത്തരം വാഹനങ്ങൾ RBI, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവ നിർദ്ദേശിച്ചിരിക്കുന്ന സുരക്ഷാമാനദണ്ഡങ്ങൾക്കും AIS 163 നും അനുസൃതമായി മാത്രമേ മാറ്റങ്ങൾ വരുത്താവൂ. 7 വർഷത്തിൽ കൂടുതൽ കാലപ്പഴക്കമുള്ളതും എന്നാൽ നിലവിൽ Goods Vehicle എന്ന തരത്തിൽ പെട്ടതും Cash Van ആയി സേവനനം നടത്തി വരുന്നതുമായ വാഹനങ്ങൾ ഉണ്ട്. അത്തരം വാഹനങ്ങൾ Date of Registration മുതൽ Cash Van ഇനത്തിൽ Tax Endorsement ചെയ്ത് ഉയർന്ന നിരക്കിലുള്ള ടാക്സ് കുടിശ്ശിക ഈടാക്കി Cash Van ആക്കി മാറ്റാവുന്നതാണ്. അത്തരം വാഹനങ്ങൾക്ക് 7 വർഷം എന്ന പരിധി ബാധകമല്ല. RBI, മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവരുടെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി Body നിർമ്മിക്കുകയോ, പുന:നിർമ്മിക്കുകയോ ചെയ്യുന്ന അവസരത്തിൽ ആയത് AIS 163-നു അനുസൃതമാണ് എന്ന് പരിശോധനാ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതും ആയതിലേക്ക് Rule-103 പ്രകാരമുള്ള Measurement Certificate വരച്ച് Registering Authority-ക്ക് സമർപ്പിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ Registering Authority ഉചിതമായ തീരുമാനം എടുക്കേണ്ടതുമാണ്. Cab & Chassis ആയി വാങ്ങുന്ന പുതിയ വാഹനങ്ങൾ AIS 163- നു അനുസൃതമായി Cash Van നിർമ്മാണം നടത്തുന്നതിനു യാതൊരുവിധ തടസ്സവുമില്ലാത്തതാകുന്നു. പൊതുജന സുരക്ഷയെ ബാധിക്കാത്തതും ക്യാഷ് വാൻ എന്ന ആവശ്യത്തിനു ഉതകുന്നതുമായ എല്ലാ പരിവർത്തനങ്ങളും ഇത്തരം വാഹനങ്ങളിൽ നടത്താവുന്നതാണ്.

**17)** Alteration/Modification/Retro-fitment നടത്തുവാൻ അംഗീകാരമുള്ള സ്ഥപനങ്ങൾ ഏതൊക്കെ ആണെന്ന് CMVR-112-ൽ പ്രതിപാദിക്കുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അത്തരം ഏജൻസികളെ നിശ്ചയിക്കുന്നതിനുള്ള അധികാരം സർക്കാരിനുള്ളതും അത്തരത്തിൽ

Scanned with CamScanner

ഏതെല്ലാം ഏജൻസികൾ, വർക്ക്ഷോപ്പുകൾ, സർവ്വീസ് സെന്ററുകൾ എന്നിവക്കാണ Alteration/Modification/Retro-fitment നടത്തുവാനും അതിന്റെ സാക്ഷ്യപത്രം (Form 22 F) നൽകുവാനും അനുമതി ഉള്ളത് എന്നുമുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിക്കുന്നതാണ്. അത് പ്രകാരം ആ സ്ഥാപനങ്ങൾക്ക് K M V R - 1 1 2 പ്രകാരമുള്ള Alteration/Modification/Retro-fitment എന്നിവ CMVR Chapter-V നു വിധേയമായി നടത്താവുന്നതാണ്. ആൾട്ടറേഷൻ അനുമതി നൽകുന്നതിനു CMVR 47 a പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ.

**18)** CMVR നിഷ്കർഷിക്കുന്ന പ്രകാരം Form 22C , Form 22 D, Form 22 E, Form 22 G എന്നിവയിൽ ആവശ്യമായ അപേക്ഷയും Compliance Certificate എന്നിവയും നിർബ്ബന്ധമായും ഹാജരാക്കേണ്ടതാണ.

19 ) ഘടനാമാറ്റം വരുത്തുന്നതിനു കേന്ദ്ര സർക്കാറിന്റെ പുതിയ നിബന്ധനകൾ/നിർദ്ദേശങ്ങൾ പ്രാബല്യത്തിൽ വരികയോ, നിലവിലുള്ളവയിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ ചെയ്താൽ ആ ദിവസം മുതൽ അതനുസരിച്ച് മാത്രമേ ഘടനാമാറ്റം അനുവദിക്കാൻ പാടുള്ളൂ.

<u>വിവരണക്കുറിപ്പ്.</u>

1. **<u>Alteration:-</u>**

   മോട്ടോർ വാഹന നിയമം സെക്ഷൻ 52(1) പ്രകാരം നിരോധിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ വാഹനത്തിൽ വരുത്താവുന്ന മാറ്റങ്ങളും (Alteration) പരിഷ്കരണങ്ങളും (Modification).

2. **<u>Basic Feature:-</u>**

ഒരു വാഹനത്തിന്റെ അടിസ്ഥാനപരമായ ഘടനയാണ് Basic Feature. Goods വാഹനങ്ങൾ, യാത്രാ വാഹനങ്ങൾ, Construction Equipments എന്നിവയെല്ലാം ഘടനാപരമായി വ്യത്യാസമുള്ളവയാണ്. യാത്രാ (Passenger ) വാഹനങ്ങളുടെ Chassis അടിസ്ഥാന ഘടകമാവുന്നു.

**<u>3)CMVR-112 ഉം KMVR-103 ഉം -ഒരു താരതമ്യം:-</u>**

CMVR 112-ൽ പറഞ്ഞിരിക്കുന്ന പ്രകാരം Body Structure/Alteration/Modification നും നടത്തുന്നത് അനുവദനീയമാണ്. എന്നാൽ അത്തരം മോഡിഫിക്കേഷനുകൾക്ക് (Modifications) ആവശ്യമായ Standard/ Code എന്നിവ കേന്ദ്ര ഗവണ്മെന്റ് നിർദ്ദേശിച്ചിട്ടില്ലാത്തതാകുന്നു. ആയതിനാൽ KMVR 103-ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന അധികാരങ്ങൾ ഉൾപ്പെടുത്തി Section 52(1)-ലെ നിബന്ധനകൾക്ക് വിധേയമായി പരിഷകാരങ്ങൾ നടപ്പാക്കുന്നതിന് Registering Authority/Addl. Registering Authority-ക്ക് അധികാരമുള്ളതാണ്.

വിശ്വസ്തതയോടെ,

Scanned with CamScanner

I/90828/2022

Signed by
S Sreejith I P S
Date: 19-09-2022 10:45:15

S SREEJITH I P S
TRANSPORT COMMISSIONER

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് ,കേരളം, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്,തിരുവനന്തപുരം-14
ഫോൺ: 0471-2333337/2333317 0471-2333314 വെബ്സൈറ്റ്: www.mvd.kerala.gov.in ഇമെയിൽ: tcoffice.mvd@kerala.gov.in

Scanned with CamScanner